കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളാഞ്ചേരി നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട് 2018-19

## കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/2265/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 17-10-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ ( സെക്രട്ടറി മുഖേന)
വളാഞ്ചേരി നഗരസഭ

സർ,

വിഷയം : വളാഞ്ചേരി നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

…..

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് **ഓൺലൈനായി** **(http://aims.ksad.kerala.gov.in/esubmission)** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3) റീജിയണൽ ഡയറക്ടർ, നഗരകാര്യ വിഭാഗം, കോഴിക്കോട്. (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്.

എം.എ.10/19

നം.കെ.എസ്.എ.എം.പി.എം25/2265/2019 തിയ്യതി: 17-10-2019

## മലപ്പുറം ജില്ലയിലെ, വളാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം*

*പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12.11.2018 മുതൽ 18.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.08.2019 മുതൽ 06.09.2019 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) (21.8.19, 22.8.19ഒഴികെ) |
| ശ്രീ. അബ്ദുൾ ഗഫൂർ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മൂസ ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (21.8.19, 22.8.19, 24.8.19, 26.8.19ഒഴികെ) |
| ശ്രീ. ഷാജഹാൻ ഖുറൈശി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ കെ | ഓഡിറ്റർ(21.8.19, 22.8.19ഒഴികെ) |

**ബി ) നിർവഹണാധികാരികൾ**

ചെയർപേഴ്സൺ

| | |
|---|---|
| ശ്രീമതി. ഷാഹിന എം | 01.04.2018 മുതൽ 04.09.2018 വരെ |
| ശ്രീ.കെ.വി ഉണ്ണികൃഷ്ണൻ, വൈസ് ചെയർമാൻ | 05.09.2018 മുതൽ 26.09.2018 വരെ |
| ശ്രീമതി റുഫീന സി.കെ | 27.09.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ. ടി.കെ സുജിത് | 01.04.2018 മുതൽ 20.06.2018 വരെ |
| ശ്രീ സുനിൽകുമാർ എസ്(അഡീഷണൽ ചാർജ്ജ്) | 21.06.2018 മുതൽ 02.07.2018 വരെ |
| ശ്രീ.ഫൈസൽ എ | 03.07.2018 മുതൽ 02.03.2019 വരെ |
| ശ്രീ.സുനിൽകുമാർ എസ് | 03.03.2019 മുതൽ 31.03.2019 |

| | |
|---|---|
| (അഡീഷണൽ ചാർജ്ജ്) | വരെ |

## നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ ശ്രുതി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജിഷ നഹർ മുസ്തഫ | 01.04.2018 മുതൽ 08.07.2018 വരെ |
| | ഡോ.ഫാത്തിമ ഫെമിന | 09.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.മൃദുൽ വിനോദ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അയൂബ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജ്ജൻ | ശ്രീ.അബ്ദുൾ അസീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രൊജക്ട് ഓഫീസർ | ശ്രീ. ബെന്നി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി ഗ്രേഷ്യസ് എം.ജോൺ | 01.04.2018 മുതൽ 13.07.2018 വരെ |
| | ശ്രീ.വിനോജ് ടി.ജെ | 14.07.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഗിരിജ പിള്ളക്കാട്ട് | 01.04.2018 മുതൽ 31.03.2019 വരെ |

| ഭാഗം – I<br>ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| ക്രമ നമ്പർ | ഉള്ളടക്കം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷികകണക്കിലെ അപാകതകൾ | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ നടപടിയായില്ല | 1-12 |
| 13 | നികുതി നിർണ്ണയത്തിലെ അപാകതകൾ നഗരസഭക്ക് വരവ് നഷ്ടം | 1-13 |
| 14 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 15 | നഗരസഭാ ഷോപ്പിംങ് കോംപ്ലക്സ് വാടക കൃത്യമായി ഈടാക്കുന്നില്ല | 1-15 |
| 16 | സിനിമാ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നല്കുന്നതിലെ അപാകതകൾ | 1-16 |
| 17 | മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നല്കി – ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് 16744/- രൂപ തിരികെ അടവാക്കി | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ – അവലോകനം | 1-18 |
| 19 | ആദായ നികുതി കുറവായി ഈടാക്കി | 1-19 |
| 20 | നഞ്ച സ്ഥലത്തുള്ള പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം- അപാകതകൾ | 1-20 |
| 21 | പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായം പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-21 |
| 22 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-22 |
| 23 | കാർഷിക മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ അപാകതകൾ | 1-23 |
| 24 | മരുന്നുകൾ ലഭ്യമാവാത്തത് – അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 25 | അംഗൻവാടി അനുപൂരക പോഷക പരിപാടി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 26 | ചെലവുകൾക്ക് ആധാരമായ ധന വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1-26 |
| 27 | ആശ്രയപദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല | 1-27 |
| 28 | റോഡ് കട്ടിംങ് അനുമതി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-28 |
| 29 | പ്രൊജക്ട് ഓഫീസർ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 30 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല | 1-30 |
| 31 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നല്കി | 1-31 |
| | ഭാഗം –2<br>വരവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം –3<br>ചെലവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 32 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നല്കി | 3-1 |
| | ഭാഗം –4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപം | 4-6 |

| | | |
|---|---|---|
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 41 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19 വർഷത്തെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ, തിയതി | പുതുക്കിയത് |
|---|---|
| നഗരസഭാ കൗൺസിൽ തീരുമാനം നമ്പർ 1/27.03.2018 | -- |

## 1-2 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 3,96,95,529 |
| വരവ് | 14,82,09,244 |
| ആകെ | 18,79,04,773 |
| ചെലവ് | 13,72,41,592 |
| നീക്കിയിരിപ്പ് | 5,06,63,181 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | -- | 1,64,97,000 | 1,64,97,000 | 1,64,20,304 | 76,696 | 99 |
| വികസനഫണ്ട് (എസ്.സി.പി) | -- | 1,41,75,000 | 1,41,75,000 | 95,27,449 | 4,64,755 | 67 |
| വികസനഫണ്ട് (ടി.എസ്.പി) | -- | 4,43,000 | 4,43,000 | -- | 4,43,000 | -- |
| സംരക്ഷണ ഗ്രാന്റ് – റോഡ് | -- | 1,00,32,000 | 1,00,32,000 | 1,00,32,000 | -- | 100 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | -- | 37,75,000 | 37,75,000 | 37,46,944 | 28,056 | 99 |
| ധനകാര്യകമ്മീഷൻ അവാർഡ് | -- | 85,74,896 | 85,74,896 | 67,48,000 | 18,26,896 | 78.69 |
| ലോകബാങ്ക് സഹായം | -- | -- | -- | -- | -- | -- |
| സാക്ഷരത | 92,722 | 3,288 | 96,010 | -- | 96,010 | -- |
| ദുരിതാശ്വാസനിധി | 46,462 | 14,124 | 60,586 | 18,000 | 42,586 | 29.70 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(പി.എം.എ.വൈ) | 55,41,745 | 3,15,63,000 | 3,71,04,745 | 3,71,04,745 | -- | 100 |

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ചത് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 126418373 | 164 | 54215805 | 10 | 114 | 57 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3114638 | 90625 | 3205263 | 495905 | 1456306 |
| ഗുണഭോക്താക്കൾക്ക് നല്കിയത് | -- | -- | -- | 1253052 | -- |

നഗരസഭ ലഭ്യമാക്കിയ വിവരമാണ് ചേർത്തിട്ടുള്ളത്. മേൽ വിവരങ്ങൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 35,520 | 37 |
| കർഷകതൊഴിലാളി വേതനം | 28,97,600 | 159 |
| വിധവാ പെൻഷൻ | 2,09,64,200 | 1234 |
| വാർദ്ധക്യകാലപെൻഷൻ | 3,22,00,900 | 2023 |
| വികലാംഗപെൻഷൻ | 68,61,700 | 390 |
| വിവാഹധനസഹായം | 13,95,000 | 21 |
| 50 വയസിന് മുകളിൽ പ്രായമുള്ളവർക്കുള്ള സഹായം | 6,46,700 | 39 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 17.08.19 തിയതിയിലെ കലക്ഷൻ തുക 42,707/- രൂപ അതേ ദിവസം തന്നെ ബാങ്കിലടവാക്കിയതിനാൽ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

വളാഞ്ചേരി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധിച്ചതിൽ പല മേഖലയിലും പോരായ്മകൾ നിലനില്ക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. നഗരസഭയിൽ അത്യാവശ്യമായി എഴുതി സൂക്ഷിക്കേണ്ട ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. വാർഷികസംഗ്രഹം തയ്യാറാക്കാത്തതുകാരണം വസ്തുനികുതി, തൊഴിൽനികുതി, വാടക, ബസ്റ്റാന്റ് ഫീസ് എന്നിവയുടെ യഥാർത്ഥ ഡിമാന്റുകളാണോ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. തപാലുകളുടെ വരവും തീർപ്പാക്കലും പരിശോധിക്കാനാവശ്യമായ സംവിധാനം നഗരസഭയിൽ ഇല്ല. വിദഗ്ധസമിതികളായ വർക്കിംങ് ഗ്രൂപ്പുകൾ ക്രിയാത്മകമായ ചർച്ചകൾ നടത്തുകയോ ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റികൾ യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതായോ മിനുട്ട്സ് ബുക്ക് പരിശോധനയിൽ വ്യക്തമല്ല. 2018-19 വർഷത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ആധിക്യം നിർവഹണത്തെ ബാധിച്ചിട്ടുണ്ട് (വിശദവിവരം ഖണ്ഡിക 1-18) രേഖകൾ സൂക്ഷിക്കുന്നതിലും ഓഡിറ്റിന് ഹാജരാക്കുന്നതിലും പ്രൊജക്ട് ഓഫീസർ തികഞ്ഞ അലംഭാവവും കുറ്റകരമായ അനാസ്ഥയും കാണിക്കുന്നു.(ഖണ്ഡിക 1-29 ൽ വിശദവിവരങ്ങൾ ചേർത്തിരിക്കുന്നു)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടന്നിട്ടില്ല | -- | -- |
| എ.ജി ഓഡിറ്റ് | 17.07.2017 | 2016-17 | 14.09.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.
2. ജനറൽ പർപ്പസ് ഫണ്ട് യഥാർത്ഥ വരവ് 17019683 എന്നാൽ AFS പ്രകാരം 17053656 വ്യത്യാസം 33973 ക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
3. തൊഴിൽ രഹിത വേതനം ആകെ വരവ് ചെലവ് 31320 എന്നാൽ AFS പ്രകാരം 35520(തിരിച്ചടച്ച 4200 രൂപ കുറവ് ചെയ്യാതെ പിൻവലിച്ച തുക യാണ് വരവായി എടുത്തിട്ടുള്ളത് )
4. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ICICI അക്കൗണ്ട് നം.26560500077 റീക്കൺസിലിയേഷൻ നടത്തിയതിൽ ചെക്കിന്റെ വിശദാംശം ലഭ്യമല്ല.
6. താഴെപ്പറയുന്ന അക്കൗണ്ടുകളുടെ OB,CB എന്നിവയുടെ കൃത്യത പരിശോധിക്കാൻ ബാങ്ക് ബുക്ക്, പാസ് ബുക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| | OB | CB |
|---|---|---|
| SBI | 7261 | 7261 |
| കനറാബാങ്ക്(ഹരിത കർമ്മസേന) | - | 40000 |
| ധനലക്ഷമി ബാങ്ക് | 1184 | 1184 |

7. വസ്തു നികുതി,തൊഴിൽ നികുതി,വാടക ,ബസ് സ്റ്റാന്റ് തുടങ്ങിയ RP-1,RP-3,RP-4 RP-37 എന്നിവയിൽ ഉൾപ്പെട്ട(D&O)ഒഴികെയുള്ള ഇനങ്ങളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
8. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ്, ചെലവ് കണക്കുകൾ AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല.
9. RP-25 പ്രകാരം HUDCO-യിൽ നിന്നും 10000000 രൂപ വായ്പ ഇനത്തിൽ വരവുണ്ട്. പ്രസ്തുത തുക തിരിച്ചടവാക്കാനവശേഷിക്കുന്നത് B-5 യിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. B-17 പ്രകാരം ഇൻവെസ്റ്റ്മന്റ് ഇനത്തിൽ 1045443 രൂപ യുണ്ട്.എന്നാൽ ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
11. B-18 പ്രകാരമുള്ള അഡ്വാൻസ് വിവരം രജിസ്ററിൽ രേഖപ്പെടുത്താതിനാൽ AFS മായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
12. D&O ഇനത്തിൽ രജിസ്റ്റർ പ്രകാരം 1121175 രൂപ തൻവർഷത്തിൽ വരവുണ്ട്.എന്നാൽ AFS പ്രകാരം 993400 (347600+645800(2017-18 അഡ്വാൻസ്) ആണ്.
13. B-15, പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ രേഖപ്പെടുത്തിയ തുക, 562834 , വസ്തു നികുതി കുടിശ്ശിക 3519323(2285998+ 1233325)യുടെ 5% അല്ല.
14. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
15. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം തുക 390,000 രൂപ വാർഷികക്കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടിയായില്ല

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2018-19 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ടവർ/ കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത |
|---|---|---|

| | | വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|
| 16/112A | മാനേജർ, ഇൻഡസ്, കൊച്ചി | 15750 |
| 10/237A | മാനേജർ, വോഡാഫോൺ | 15750 |
| 10/237 | മാനേജർ,ഭാരതി എയർടെൽ | 18900 |
| 9/984C | മാനേജർ,വോഡാഫോൺ | 22050 |
| 2/485C | മാനേജർ, ഇൻഡസ് ടവേഴ്സ് | 25188 |
| 14/598 | മാനേജർ,ഭാരതി എയർടെൽ | 26250 |
| 19/413A | മാനേജർ,വോഡാഫോൺ | 20213 |
| 16/406A | മാനേജർ,റിലയൻസ് | 15750 |
| 12/420B | മാനേജർ,ജെ&കോ | 16800 |
| 2/485C | മാനേജർ,ഇൻഡസ് ടവേഴ്സ് | 25188 |
| 9/620 | മാനേജർ,ടാറ്റാടെലികോം | 23625 |
| 16/1194A | മാനേജർ,ബി.എസ്.എൻ.എൽ | 15750 |
| 9/59B | മാനേജർ,ഭാരത് എയർടെൽ | 18900 |
| 8/361K | മാനേജർ,വോഡാഫോൺ | 16748 |

വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 14/3.9.2019) നൽകിയ മറുപടിയിൽ ആയത് ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി നിർണ്ണയത്തിലെ അപാകത - നഗരസഭക്ക് വരവ് നഷ്ടം:

വളാഞ്ചേരി നഗരസഭയുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 55 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 75 രൂപ/ ച.മീ |

നഗരസഭയിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| 5/293 H | മുഹമ്മദ് ബഷീർ | 424 | 55 | 75 |
| 5/293 A to G, M to R | മൊയ്തുട്ടി, ബഷീർ, മുഹമ്മദാലി | 414 | 55 | 75 |
| 20/342 A | മുഹമ്മദ് | 195.41 | 60 | 75 |

| | | | | |
|---|---|---|---|---|
| | നൗഫൽ | | | |
| 14/ 82 A, A1,A2 | അബ്ദുൾ കരീം, പാലക്കൽ | 214.4 | 55 | 75 |
| 16/ 921 A, 922A | അബ്ദുൾ റഷീദ് കൂരിപ്പറമ്പിൽ | 114.8 | 55 | 75 |

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് നഗരസഭ നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ നഗരസഭക്ക് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവുള്ളത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1 . കരാർ രജിസ്റ്റർ പ്രകാരം, 2018-19 വർഷത്തിൽ നഗര സഭയിൽ വിവിധ കരാർ ജോലികൾ ഏറ്റെടുത്ത താഴെ സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| 1 | കരാറുകാരുടെ പേര് | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 2 | ശ്രീ. ടി.പി. മുഹമ്മദ് ബഷീർ, വലിയകുന്ന് | 2018-19 ഒന്നും,രണ്ടും | 1250 x2 =2500 |
| 3 | ശ്രീ. ടി.കെ. മുഹമ്മദ് മുസ്തഫ, ആതവനവാട് | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 4 | ശ്രീ. ടി.കെ. മൊയ്തീൻകുട്ടി, ആതവനവാട് | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 5 | ശ്രീ. പി.സൈതാലിക്കുട്ടി, മാറാക്കര | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 6 | ശ്രീ.എം.മുഹമ്മദ്,വലിയകുന്ന് | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 7 | ശ്രീ. എം. ഷമീർ, വലിയകുന്ന് | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 8 | ശ്രീ. കെ. അബ്ദുൽ മജീദ്, തൊഴുവാനൂർ | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 9 | ശ്രീ. ടി.എം. മൊയ്തീൻകുട്ടി, തൊഴുവാനൂർ | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 10 | ശ്രീ. ടി.കെ. അബ്ദുൽ ഖാദർ, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 11 | ശ്രീ. വി.പി. ബഷീർ, കാടാമ്പുഴ | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 12 | ശ്രീ. പി. മുസ്തഫ, തൊഴുവാനൂർ | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 13 | ശ്രീ. കെ. സദാനന്ദൻ, തൊഴുവാനൂർ | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 14 | ശ്രീ. ടി.കെ. ആബിദ് അലി, | 2018-19 | 1250 x2 = 2500 |

| | | | |
|---|---|---|---|
| | വളാഞ്ചേരി | ഒന്നും,രണ്ടും | |
| 15 | ശ്രീ. ടി.കെ. അബ്ദുൽ ഖാദർ, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 16 | ശ്രീ. ടി.ഷഹരിയാദ്, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 17 | ശ്രീ. അനസ്. എസ്, കൊല്ലം | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 18 | ശ്രീ. കെ. മസൂദ്, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 19 | ശ്രീ. പി. ഫൈസൽ, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 20 | ശ്രീ. അബ്ദുറഷീദ്, വളാഞ്ചേരി | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |
| 21 | ശ്രീ. എ. അബ്ദുൽസലാം, ആതവനാട് | 2018-19 ഒന്നും,രണ്ടും | 1250 x2 = 2500 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇൻഡസ് ഇൻഡ് ബാങ്ക്, വളാഞ്ചേരി | ഒന്നാം അർദ്ധ വർഷം |
| 2 | കേരളാ ഗ്രാമീൺ ബാങ്ക്, വളാഞ്ചേരി | ഒന്നാം അർദ്ധ വർഷം |
| 3 | ആക്സിസ് ബാങ്ക്, വളാഞ്ചേരി | ഒന്നാം അർദ്ധ വർഷം |
| 4 | എച്ച്.കെ. അസോസിയേറ്റ്സ്, വളാഞ്ചേരി | ഒന്നാം അർദ്ധ വർഷം |
| 5 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |
| 7 | ഐ.സി.ഐ.സി.ഐ. ബാങ്ക് ലി., വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ്, വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |
| 9 | മുത്തൂറ്റ് ഫിനാൻസ് ലി., വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |
| 10 | ESAF സ്മോൾ ഫൈനാൻസ് ബാങ്ക്, വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |
| 11 | കനറാ ബാങ്ക്, വളാഞ്ചേരി | ഒന്നും, രണ്ടും അർദ്ധവർഷം |

3. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനാനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല :

| സ്ഥാപനം : സ്വാഗത് ഇൻ, വളാഞ്ചേരി | | | | | |
|---|---|---|---|---|---|

| ക്ര.നം. | ജീവനക്കാരൻെറ പേര് | റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനം | അടവാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|
| 1 | എസ്. മനോജ് കുമാർ | 1,20,000 | 1000 | 180 | 820 |
| 2 | പ്രകാശ്. യു | 72000 | 600 | 120 | 480 |
| 3 | ജിസ്മോൻ | 72000 | 600 | 120 | 480 |
| 4 | വൽസല | 72000 | 600 | 120 | 480 |
| 5 | ജുനാസാ മാലിക്ക് | 72000 | 600 | 120 | 480 |
| 6 | ജ്യോതിഷ് | 72000 | 600 | 120 | 480 |
| 7 | പത്മിനി | 72000 | 600 | 120 | 480 |
| 8 | ജനാർദ്ദനൻ | 72000 | 600 | 120 | 480 |
| 9 | മഹേഷ് കുമാർ | 72000 | 600 | 120 | 480 |
| 10 | ബരീന്ദ്രനാഥ് | 72000 | 600 | 120 | 480 |
| 11 | മനോജ് കെ | 72000 | 600 | 120 | 480 |
| 12 | ബെസ്സി പി.വി. | 72000 | 600 | 120 | 480 |
| സ്ഥാപനം : സിൻഡിക്കേറ്റ് ബാങ്ക്, വളാഞ്ചേരി | | | | | |
| 1 | ഖദീജ | 1,09,776 | 1000 | 750 | 250 |
| | ആകെ | | | | 6350 |

4. നഗരസഭയിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൻെറ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് - വാടക കൃത്യമായി ഈടാക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ് കോംപ്ലക്സിലെ റൂമുകൾ ലേലത്തിലെടുത്ത ചുവടെ ചേർത്തിരിക്കുന്ന ലൈസൻസികളിൽ നിന്നും 2018-19 ൽ കൃത്യമായി വാടക ഈടാക്കിയിട്ടില്ല .

| ലൈസൻസി | കുടിശ്ശിക കാലയളവ് | മാസ വാടക | മുറി നമ്പർ | ആകെ കുടിശ്ശിക |
|---|---|---|---|---|
| ശ്രീ. അമ്പായപുള്ളി അബ്ദുൽ ഗഫൂർ, കൽപ്പകഞ്ചേരി | 2018ജൂൺ മുതൽ 2019 മാർച്ച് വരെ | 8646 | G-14 | 86,460 |
| ശ്രീ. കുരിത്തൊടി അലവി, കൊളത്തൂർ | 2019 ഫെബ്രുവരി, മാർച്ച് | 10,291 | G-23 | 20,582 |
| ശ്രീ. പാലാറ ഇബ്രാഹീം, വളാഞ്ചേരി | 2018 നവംബർ മുതൽ 2019 മാർച്ച് വരെ | 7829 | G-34 | 39,145 |
| ശ്രീ. വി.പി. അയ്യപ്പൻ, കുലുക്കല്ലൂർ | 2018ജൂൺ മുതൽ 2019 മാർച്ച് വരെ | 4745 | G-35 | 47,450 |
| ശ്രീ. ഷാഹുൽ ഹമീദ്, പൈങ്കണ്ണൂർ | 2018നവംബർ മുതൽ 2019 മാർച്ച് വരെ | 6963 | F-1 | 34,815 |
| ശ്രീ. അബ്ദുറഹ്മാൻ | 2018 ഏപ്രിൽ | 6442 | F-3 | 77,304 |

| | | | | |
|---|---|---|---|---|
| പടുത്തുകുളങ്ങര, പേരശ്ശനൂർ | മുതൽ 2019 മാർച്ച് വരെ | | | |
| ശ്രീ. അബ്ദുൾ സലാം, പുറയങ്ങാട്ടിൽ. തൊഴുവാനൂർ | 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ | 3635 | F-6 | 21,810 |
| ശ്രീ. അബ്ദുൾ റഷീദ്, പൊട്ടച്ചോല, വൈരക്കോട് | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 1828 | F-8 | 21,936 |
| ശ്രീ. അബ്ദുൾ സലാം, പുറയങ്ങാട്ടിൽ. തൊഴുവാനൂർ | 2018 സെപ്റ്റംബർ മുതൽ 2019 മാർച്ച് വരെ | 3635 | F-10 | 25,445 |
| ശ്രീ. സി.കെ. അസീസ്,കൊട്ടാരം | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 3461 | F-15 | 41,532 |
| ശ്രീ.സൈതാലിക്കുട്ടി, കുത്തുകല്ലുങ്ങൽ | 2018 ഡിസംബർ മുതൽ 2019 മാർച്ച് വരെ | 1357 | F-16 | 5428 |
| ശ്രീ. ബേബി, മാളിയേക്കൽ | 2019 ഫെബ്രുവരി, മാർച്ച് | 4771 | F-19 | 9542 |
| ശ്രീ. സൈതലവി, പന്തക്കൽ, എടരിക്കോട് | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 1828 | F-20 | 21936 |
| ശ്രീ. സി.കെ. അസീസ്,കൊട്ടാരം | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 3557 | F-23 | 42,684 |
| ശ്രീ. സന്തോഷ് ബാബു പി.എസ്, പൈങ്കണ്ണൂർ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 1494 | F-24 | 17,928 |
| ശ്രീ. വി.ടി. അബ്ദുൽ ഗഫൂർ, വാലാറ തൊടിയിൽ | 2018 ഡിസംബർ മുതൽ 2019 മാർച്ച് വരെ | 1494 | F-29 | 5976 |
| ശ്രീ.ബാബുരാജ് കെ.വി, പൈങ്കണ്ണൂർ | 2018 ജൂലൈ മുതൽ 2019 മാർച്ച് വരെ | 1494 | F-32 | 13,446 |
| ശ്രീ. ചന്ദ്രൻ, പട്ടേരിപ്പറമ്പിൽ, തൊഴുവാനൂർ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 1494 | F-35 | 17,928 |
| ശ്രീ. അമീർ ഫൈസൽ, കക്കാട്ട്, തൊഴുവാനൂർ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 2906 | F-37 | 34,872 |
| ശ്രീ. കെ.ബി. അബ്ദുറഹ്മാൻ ഹാജി,കാട്ടുബാവ,വലിയകുന്ന് | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 3460 | F-38 | 41,520 |
| ശ്രീ. അബ്ദുൽ റഷീദ്, പൊട്ടച്ചോല | 2018 ഏപ്രിൽ മുതൽ 2019 | 950 | S-7 | 11,400 |

| | | | | |
|---|---|---|---|---|
| | മാർച്ച് വരെ | | | |
| ശ്രീ. മുഹമ്മദ് റിയാസ്.ടി, തോട്ടത്തിൽ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 3663 | S-17 | 43,956 |
| ശ്രീ. കെ.എം.മൊയ്തീൻകുട്ടി, കളക്കാട് | 2018 ഡിസംബർ മുതൽ 2019 മാർച്ച് വരെ | 5387 | CH No.6 | 21,548 |
| ശ്രീ. കമറുദ്ദീൻ, പാറക്കൽ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 1852 | KVPM - 04 | 22,224 |
| ശ്രീ. സി. സനൂപ്, മിഹാസ്, എടയൂർ | 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ | 3043 | S-18 | 36,516 |
| **ആകെ** | | | | 763383 |

കൂടാതെ വാടക രജിസ്റ്ററിൽ ട്രഷറി(S-1),ഓഫീസ്(S-2) എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള രണ്ട് മുറികളിൽ നിന്നും 2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെ വാടക ഈടാക്കിയിട്ടില്ല. പ്രസ്തുത റൂമുകളിൽ നിന്നും ലഭിക്കേണ്ട വാടക വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഈടാക്കാനവശേഷിയ്ക്കുന്ന വാടക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 സിനിമാ തിയേറ്ററുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിലെ അപാകതകൾ

സിനിമാ തിയേറ്ററുകളുടെ ലൈസൻസ് ഓരോ വർഷവും പുതുക്കി നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ സർവ്വീസ് ചാർജ് ഇനത്തിലുള്ള വാർഷിക വരി അടവാക്കിയതിന്റെ രശീതി ഹാജരാക്കേണ്ടതുണ്ടെന്ന് ജി.ഒ.(എം.എസ്) 4/2002/CAD/20- 3 - 02, ജി.ഒ.(എം.എസ്) 40/2004/CAD/ 19-11-2004 എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പവിത്ര തിയേറ്റർ, പോപ്പുലർ മൂവീസ് (4സ്ക്രീൻ ) എന്നീ 5 തിയേറ്ററുകൾ അപ്രകാരം രശീതി ഹാജരാക്കിയില്ല. എങ്കിലും അവയ്ക്ക് 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. ക്രമപ്രകാരമല്ലാതെ ഈ തിയേറ്ററുകൾക്ക് ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നൽകി - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 16744 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം നൽകിയ തുക തിരിച്ച് ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 16744 രൂപ ചെലാൻ മുഖേന ട്രഷറിയിൽ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അംഗൻവാടികളുടെ നവീകരണം എന്ന പ്രവൃത്തിയുടെ 3.3 ഇനം റാന്റം റബ്ൾ മേസനറി പ്രവൃത്തി ചെയ്തതിന് 5413.13/$m^3$ നിരക്കാണ് കരാറുകാരൻ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് നൽകിയപ്പോൾ 6692/$m^3$ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. അധികം നൽകിയ 2142 രൂപ ഈടാക്കേണ്ടതാണ് കാണിച്ച് 2/27.8.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത തുക 4.9.2019 തീയ്യതി വളാഞ്ചേരി സബ് ട്രഷറിയിൽ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @6692 | നൽകാവുന്ന തുക @ 5413 | അധികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| അംഗൻവാടികളുടെ നവീകരണം (259/19)<br>ബിൽ 5/28.5.18 തുക 957633<br>അളവ് പുസ്തകം 167/17-18,116/17-18<br>കരാറുകാരൻ ശ്രീ.ടി.ഷെഹരിയാദ് | 1.675/$M^3$ | 11209 | 9067 | 2142 |

2. ചോലക്കൽ എസ്.സി കോളനി റോഡ് സൈഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ 4-ാം ഇനം ആയി സംരക്ഷണ ഭിത്തി ( റീട്ടെയിനിങ് വാൾ) കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്ക് കോളം, പില്ലർ തുടങ്ങിയ ഇനങ്ങൾക്ക് ബാധകമായ DAR 5.9.6 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DAR 5.9.2പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്.

അധികം നൽകിയ 14602 രൂപ ഈടാക്കേണ്ടതാണ് എന്ന് കാണിച്ച് 4/27.8.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത തുക 4.9.2019 തീയ്യതിയിൽ വളാഞ്ചേരി സബ് ട്രഷറിയിൽ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക @642.12/$m^2$ | നൽകാവുന്ന തുക @519.63/$m^2$ | അധികം |
|---|---|---|---|---|
| ചോലക്കൽ എസ്.സി കോളനി റോഡ് സൈഡ് സംരക്ഷണം (78/19)<br>ബിൽ 35/27.12.18 തുക 408305<br>അളവ് പുസ്തകം 14/18-19<br>കരാറുകാരൻ ശ്രീ.ടി.കെ. അബ്ദുൽ ഖാദർ | 119.208$m^2$ | 76546 | 61944 | 14602 |

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും ബിൽ തുക നൽകുമ്പോഴും കൃത്യമായ പരിശോധന നടത്താനും അപാകതകൾ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 188 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 96 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 51ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 188 | ആകെ അടങ്കൽ | 43180209 |
| നടപ്പിലാക്കിയത് | 96 | ചെലവ് | 2017213 |
| ശതമാനം | 48.94 | ചെലവ് | 46.72 |

| | | | | |
|---|---|---|---|---|
| | | ശതമാനം | | |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 48 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 10 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നഗസഭക്കായിട്ടില്ല.

**<u>പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി</u>**

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 14 തവണയാണ്. (2017-18 വർഷത്തിൽ രണ്ട് തവണയും 2018-19 വർഷത്തിൽ 12 തവണയും യോഗം പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചേർന്നു). പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗങ്ങളിൽ പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മോണിറ്ററിങ് കമ്മിറ്റി റിപ്പോർട്ടുകൾ എന്നിവയൊന്നും ചർച്ചചെയ്തിട്ടില്ല.

2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പ് യോഗം ഒരു തവണ പോലും ചേർന്നിട്ടില്ല. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദേശം നൽകുകയോ ചെയ്തിട്ടില്ല.

**<u>പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്</u>നു.**

നഗരസഭയിൽ 1അസിസ്റ്റന്റ് എഞ്ചിനീയർ, 6ഓവർസിയർമാർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഒരു ഓവർസിയർ, ഒരു ക്ലാർക്ക് എന്നിവരടക്കം ആകെ 8ജീവനക്കാരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഇതിൽ രണ്ട് ഓവർസിയർ പോസ്റ്റ് പലപ്പോഴും ഒഴിഞ്ഞ് കിടക്കുകയുമായിരുന്നു. നഗരസഭയിൽ 2018-19 വാർഷിക പദ്ധതിയുടെ 35% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഇവർ 6 പേർ ചേർന്നാണ്. മാത്രമല്ല നഗരസഭയിലെ 33 വാർഡുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ഭാരിച്ച ജോലികളും ഇവരുടെ ചുമതലയിൽ ഉണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

**<u>റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല</u>**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിരിക്കണമെന്നും, മാർഗ്ഗരേഖകയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ നിബന്ധന പാലിച്ചിട്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്കു് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം ലഭ്യമാക്കിയിട്ടില്ല</u>**

എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം വാങ്ങിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും നഗരസഭയിൽ അപ്രകാരം വാഹന സൗകര്യം അവർക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവെടുപ്പ്,മേൽനോട്ടം വഹിക്കൽ, കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകൽ, നമ്പറിങ്ങ് തുടങ്ങിയ ആവശ്യങ്ങൾക്ക് നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ എത്തുന്നതിന് എഞ്ചിനീയറിംഗ്

വിഭാഗത്തിന് വാഹനം അത്യാവശ്യമാണ്. ആയതിനാൽ എഞ്ചിനീയറിങ് വിഭാഗത്തിന് വാഹന സൗകര്യം ഏർപ്പെടുത്താൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

**സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല**

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതുമാണ്.

**ടെണ്ടർ നടപടികൾ സുതാര്യമല്ല.**

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാനുവൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാനുവൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്.

രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2018-19 വർഷത്തിൽ ആകെ ഇരുപതിലധികം കരാറുകാർ നഗരസഭയുടെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് നഗരസഭക്ക് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും കരാറുകാർ നഗരസഭക്ക് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘംചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതിനും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ആദായ നികുതി കുറവായി ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നഗരസഭ ഓഫീസിന് പുതിയ കെട്ടിടം - വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്ന പ്രൊജക്ട് (260/19) പ്രകാരം പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സോണി ഇൻഫ്രാ സ്ട്രക്ചർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും കരട് DPR സമർപ്പിച്ചതിനെ തുടർന്ന് മേൽ സ്ഥാപനത്തിന് ഒന്നാം ഘട്ടമായി 52/3-19 നമ്പർ വൗച്ചർ പ്രകാരം 4 ചെക്കുകളിലായി 3 ലക്ഷം രൂപ നൽകുകയും ചെയ്തു. പ്രസ്തുത തുകയിൽ നിന്ന് ആദായ നികുതി 2% മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. എന്നാൽ ഇൻകം ടാക്സ് നിയമം സെക്ഷൻ 194J പ്രകാരം പ്രഫഷണൽ സേവനങ്ങൾക്ക് വേണ്ടിയുള്ള കരാർ തുക നൽകുമ്പോൾ 10% ആദായ നികുതിയാണ് കുറവ് ചെയ്യേണ്ടിയിരുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് 8 /3.9.2019 നമ്പറായി എൻക്വയറി നൽകിയതിന് – അറിവില്ലായ്മ മൂലമാണ് പിഴവ് സംഭവിച്ചതെന്നും കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി ഓഡിറ്റിന് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | നൽകിയ തുക | | ആദായ നികുതി ഈടാക്കേണ്ടത് | ആദായ നികുതി ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| | ചെക്ക് നമ്പർ | തുക | | | |
| നഗരസഭ ഓഫീസിന് പുതിയ കെട്ടിടം - വിശദമായ പ്രൊജക്ട് റിപ്പോർട്ട് | 1.1966494/ 15.3.2019<br>2..1966495/ 15.3.2019<br>3.1966496/ | 300000 | 30000 | 6000 | 24000 |

| | | | | | | |
|---|---|---|---|---|---|---|
| തയ്യാറാക്കൽ (260/19) | 15.3.2019<br>4.1966497/<br>15.3.2019<br>@75000 | | | | | |

## 1-20 നഞ്ച സ്ഥലത്തുള്ള പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം എന്ന പ്രൊജക്ട് ( 279/19) പ്രകാരം നഗരസഭയുടെ അധീനതയിലുള്ള 1.86 ഏക്കർ സ്ഥലത്ത് ശരാശരി രണ്ട് മീറ്റർ ഉയരത്തിൽ രണ്ട് വശത്ത് മതിൽ നിർമ്മിച്ചിട്ടുണ്ട്.
വളാഞ്ചേരി - പട്ടാമ്പി റോഡിൽ എം.ഇ.എസ് കോളേജിനടുത്തുള്ള (കാട്ടിപ്പരുത്തി വില്ലേജ്) പ്രസ്തുത സ്ഥലത്തുള്ള ഈ നിർമ്മാണ പ്രവൃത്തി നിർത്തിവെക്കാൻ തിരൂർ തഹസീൽദാർ ആവശ്യപ്പെട്ടതിൻ പ്രകാരം കാട്ടിപ്പരുത്തി വില്ലേജ് ഓഫീസർ 6.4.2017 തീയ്യതിയിൽ നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും തുടർന്ന് കരാറുകാരൻ പ്രവൃത്തി നിർത്തിവെക്കുകയും ചെയ്തിരുന്നു. നഞ്ച വിഭാഗത്തിൽപെട്ട പ്രസ്തുത സ്ഥലത്തിന് ചുറ്റുഭാഗവും കരിങ്കല്ലിൽ കെട്ടി ഉയർത്തി മണ്ണിട്ട് നികത്താൻ നഗരസഭ ശ്രമിക്കുകയാണെന്ന പരാതിയെ തുടർന്നാണ് വില്ലേജ് ഓഫീസർ പ്രവൃത്തി നിർത്തിവെക്കാൻ ആവശ്യപ്പെട്ടത്.

എന്നാൽ ഭരണ സമിതി 27.9.2017 ലെ തീരുമാന പ്രകാരം അനുമതി നൽകിയതിനെ തുടർന്ന് സ്റ്റേഡിയത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തി കരാറുകാരൻ പുനരാരംഭിക്കുകയും 12.5.2018 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസർ നിർത്തിവെക്കാൻ ആവശ്യപ്പെട്ട പ്രവൃത്തി പുനരാരംഭിച്ചതിന് റവന്യൂ അധികാരികളിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള അനുമതി ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല. പ്രസ്തുത പ്രവൃത്തി 3.9.2019 തീയ്യതിയിൽ നേരിൽ പരിശോധിച്ചപ്പോൾ നഞ്ച ഭൂമിയിലാണ് കളി സ്ഥലം എന്ന് മനസ്സിലാക്കാനുമായി.

നഗരസഭ സ്റ്റേഡിയം നിർമ്മിക്കാനായി 713298 രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് മുമ്പ് ഭൂമി തരം മാറ്റുന്നതിനുള്ള അനുമതി ലഭ്യമാക്കേണ്ടതായിരുന്നു.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12 /3.9.2019 നൽകിയതിന് – അതിർത്തി സംരക്ഷിക്കുന്നതിന് വേണ്ടി ചുറ്റുമതിൽ നിർമ്മിക്കുക മാത്രമാണ് ചെയ്തതെന്നും, നഞ്ച ഭൂമിയായതിനാൽ യാതൊരു നിർമ്മാണ പ്രവർത്തനവും ടി സ്ഥലത്ത് നടത്തിയിട്ടില്ല എന്നും, ടി സ്ഥലത്ത് മണ്ണിട്ട് നികത്തുന്നതിനും നിർമ്മാണം നടത്തുന്നതിനും കൗൺസിൽ തീരുമാന പ്രകാരം നഗരസഭ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും 6.9.2019 നു് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി.
പ്രൊജക്ടിന്റെ പേര് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം എന്നാണ്. അതിർത്തി സംരക്ഷിക്കലാണ് ഉദ്ധേശമെങ്കിൽ പദ്ധതിക്ക് ഇങ്ങിനെ ഒരു പേര് നൽകേണ്ട ആവശ്യമില്ല. മാത്രമല്ല അതിർത്തി സംരക്ഷിക്കാൻ രണ്ട് മീറ്റർ ഉയരത്തിൽ കരിങ്കല്ലിൽ കെട്ടേണ്ടതുമില്ല. സ്റ്റേഡിയം നിർമ്മാണം തന്നെയാണ് നഗരസഭയുടെ ഉദ്ദേശ്യം എന്ന് വ്യക്തമാണ്.
സ്റ്റേഡിയം നിർമ്മാണത്തിനുള്ള തുടർ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് മുമ്പ് റവന്യൂ അധികാരികളിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായം (33/19)- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിനുള്ള അപേക്ഷ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. 17.9.2018 ലെ സ.ഉ (സാധാ) 2438/18 ഉത്തരവ് പ്രകാരം 90 ദിവസമെന്നത് 180 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സമയ പരിധി കഴിഞ്ഞ് നൽകുന്ന അപേക്ഷകൾ ജില്ലാ കലക്ടർക്ക് നൽകി കലക്ടറുടെ അനുമതിയോടെ മാത്രമേ ധന സഹായം നൽകാവൂ എന്ന് മേൽ ഉത്തരവിലുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ധനസഹായം കൈപറ്റിയ വേശു പൈങ്കൽ പടി, വേലായുധൻ പൂളക്കൽ പറമ്പിൽ എന്നീ ഗുണഭോക്താക്കൾ നിശ്ചിത സമയ പരിധിക്കകം അപേക്ഷിച്ചിട്ടില്ല. ഇവരുടെ അപേക്ഷകൾ സ്വീകരിച്ച് ധന സഹായം നൽകാവുന്നതാണെന്ന് ജില്ലാ കലക്ടർ ശുപാർശ ചെയ്തിട്ടുമില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് പാലിക്കാതെ ഗുണഭോക്താക്കൾക്ക് ധന സഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ 36/5.10.2018 തുക 2250000

| അപേക്ഷകൻ | വിവാഹം നടന്ന തീയ്യതി | ധന സഹായത്തിന് അപേക്ഷിച്ച തീയ്യതി |
|---|---|---|
| വേശു പൈങ്കൽ പടി | 18.1.2017 | 6.9.2018 |
| വേലായുധൻ പൂളക്കൽ പറമ്പിൽ | 28.10.2017 | 19.9.2018 |

മറ്റ് അപാകതകൾ

1. ഈ ഇനത്തിൽ ധന സഹായം കൈപറ്റിയ ശ്രീമതി കാർത്ത്യായനി കോഴിക്കോട്ട്പടി, ലക്ഷ്മി അടിക്കാട്ട്പറമ്പിൽ, വേശു പൈങ്കൽപടി എന്നീ ഗുണഭോക്താക്കൾ അപൂർണ്ണമായ അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളത്. ഇവർ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തുകയോ, കുടുംബാംഗങ്ങളുടെ വിവരം, മെമ്പർമാരുടെ ഒപ്പ് തുടങ്ങിയ വിശദാംശങ്ങൾ അപേക്ഷയിൽ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി 11 /3.9.2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

വളാഞ്ചേരി നഗരസഭയുടെ അധീനതയിലുള്ള 1.74 ഏക്കർ ഭൂമിയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വേണ്ടി 8,18,418/- രൂപ ചെലവിൽ ഒരു ഷെഡ് നിർമ്മിച്ചിട്ടുണ്ട് ( പ്രൊജക്ട് 262/19). 11,96,093/-രൂപ ചെലവിൽ ഈ സ്ഥലത്തിന് ചുറ്റു മതിലും നിർമ്മിച്ചിട്ടുണ്ട് ( പ്രൊജക്ട് 227/19). പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 3.9.2019 ന് നേരിൽ പരിശോധിക്കുകയുണ്ടായി. പ്രദേശത്തേക്ക് എത്തിച്ചേരുന്നതിന് നിലവിൽ സഞ്ചാര യോഗ്യമായ റോഡ് ഇല്ല. കൂടാതെ കുടിവെള്ളം, വൈദ്യുതി എന്നിവയും ഇവിടെ ഒരുക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് മുമ്പായി തന്നെ മത്സ്യ മൊത്ത വിതരണ കേന്ദ്രത്തിനായി വൻ തുക ചെലവഴിച്ച് ഷെഡ് പണി കഴിപ്പിച്ചത് ശരിയായ നടപടിയല്ല. പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികളുമായി ചർച്ച നടത്തി സംരംഭം ഉപയുക്തമാക്കുന്നത് സംബന്ധിച്ച നീക്കങ്ങൾ ഒന്നും നടന്നതായ രേഖകളും ലഭ്യമല്ല. ഈ തുറന്നകിടക്കുന്ന ഷെഡ് സാമൂഹ്യ ദ്രോഹികൾ ദുരുപയോഗപ്പെടുത്താനും സാധ്യതയുണ്ട്.

20 ലക്ഷത്തിൽ പരം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഇൗ പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് വേണ്ടി ഇവിടേക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും, മറ്റ് തുടർ നടപടികൾ സ്വീകരിക്കാനും നഗരസഭ സത്വര ശ്രദ്ധപതിപ്പിക്കേണ്ടതും കെട്ടിടം നിഷ്ക്രിയ ആസ്തി ആയി മാറുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2019-20 വർഷത്തിൽ പ്രദേശത്തേക്ക് റോഡ് നിർമ്മിക്കുന്നതിനും മലിന ജലം ശേഖരിക്കുന്നതിന് പിറ്റ് തയ്യാറാക്കുന്നതിനുമായി പ്രൊജക്ട് രൂപീകരിച്ച് ടെണ്ടർ നടപടികളായിട്ടുണ്ട്. എന്നാൽ വെള്ളം വൈദ്യുതി എന്നിവക്കായി ഈ വർഷം പ്രൊജക്ടുകളൊന്നും ഇല്ല.

## 1-23 കാർഷികമേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ - അപാകതകൾ

കാർഷികമേഖലയിൽ 2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ പരിശോധിച്ചതിൽ പല അപാകങ്ങളും ശ്രദ്ധയിൽപ്പെട്ടു. കൃഷിയും അനുബന്ധ മേഖലയും ഉൾപ്പെട്ട വർക്കിംങ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ, 23.10.18, 26.12.18 എന്നീ ദിവസങ്ങളിലാണ് യോഗം ചേർന്നിട്ടുള്ളത്. കൂടാതെ വർക്കിംങ് ഗ്രൂപ്പിന്റെ മേൽനോട്ടചുമതലയുള്ള വികസനകാര്യസ്റ്റാന്റിംങ് കമ്മിറ്റിയും ഇക്കാര്യത്തിൽ യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയതായോ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തതായോ കാണുന്നില്ല. ഇതുമൂലമാണ് 2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 5 പദ്ധതികൾ നടപ്പാക്കാതെ പോകുന്നതിനും നടപ്പാക്കിയ 4 പദ്ധതികളിൽ നീക്കിവെച്ച വികസനഫണ്ട് പൂർണ്ണമായി ചെലവഴിക്കാതെ പോയതിനുംമിടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി പ്രകാരം അംഗീകരിച്ച ഗുണഭോക്താക്കളിൽ നാമമാത്രമായ ഗുണഭോക്താക്കൾക്കാണ് സഹായധനം ലഭിച്ചിട്ടുള്ളതും (18%). സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

| പ്രൊജക്ട് | ഗുണഭോക്താക്കൾ | വകയിരുത്തിയ വികസനഫണ്ട് | സഹായം ലഭിച്ച ഗുണഭോക്താക്കൾ | ചെലവഴിച്ച വികസനഫണ്ട് |
|---|---|---|---|---|
| 11/18തെങ്ങ്കൃഷി ജൈവവളപ്രയോഗം | 500 | 6,24,000 | -- | -- |
| 22/18നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 190 | 10,00,000 | 110 | 10,00,000 |
| 41/18ഒരുവീട്ടിൽ ഒരു പച്ചക്കറിത്തോട്ടം ഗ്രോബാഗ് വിതരണം(വനിത) | 500 | 3,00,000 | 289 | 90,000 |
| 42/18ആഴ്ച്ചച്ചന്തവിപുലീകരണം | -- | -- | -- | -- |
| 43/18കാർഷികകർമ്മസേനക്ക് സഹായം | -- | -- | -- | -- |
| 46/18പച്ചക്കറി പ്രോത്സാഹനം | 160 | 50,000 | 56 | 30,000 |
| 47/18അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ വിതരണം | 500 | 1,26,000 | 61 | 1,26,000 |
| 58/18വാഴകൃഷി പ്രോത്സാഹനം | 900 | 2,00,000 | -- | -- |
| 59/18ഉപഗ്രഹചിത്ര സഹായത്തോടെയുള്ള നെൽവയൽ-തണ്ണീർത്തട ഡാറ്റാബാങ്ക് രൂപീകരണം | -- | -- | -- | -- |
| | 2,750 | 23,00,000 | 516 | 12,46,000 |

കാർഷികമേഖലയെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും വരും വർഷങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ ആയതിന്റെ അടിസ്ഥാനത്തിൽ ആണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ വിദഗ്ധസമിതിയായ വർക്കിംങ് ഗ്രൂപ്പ് അംഗങ്ങൾ വിലയിരുത്തി അവ പരിഹരിക്കാനുതകുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (09/03.09.2019) മറുപടി ലഭിച്ചിട്ടില്ല

## 1-24 മരുന്നുകൾ ലഭ്യമാവാത്തത് - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

1. ആയുർവേദ മെഡിക്കൽ ഓഫീസർ **2018-19** വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ ഓഡിറ്റ് തിയതി വരെയും ലഭ്യമാവാൻ അവശേഷിക്കുന്നു.

**എ) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ**

തനത് ഫണ്ട് **50,000/-** രൂപയും റോഡിതര മെയിന്റനൻസ് ഗ്രാന്റ് **3,00,000/-** രൂപയും വകയിരുത്തി തയ്യാറാക്കി അംഗീകാരം ലഭിച്ച **56/18-19** നമ്പർ പ്രൊജക്ടിൽ ബിൽ നമ്പർ **02/18-19** തിയതി **24.09.18** പ്രകാരം **3,00,000/-** രൂപയും ട്രഷറി ചെക്ക് നമ്പർ **9435750/22.09.18** പ്രകാരം **50,000/-** രൂപയും പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡ്, പാതിരപ്പിള്ളി എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ തഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 1773/25.03.18 | 1,09,585 |
| 768/06.08.19 | 97,987 |
| ആകെ | 2,07,572 |

അവശേഷിക്കുന്ന 1,42,428/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മരുന്നുകൾ

ലഭ്യമാകുന്നതുവരെ അവശേഷിക്കുന്ന ചെലവു തുക തടസ്സം ചെയ്യുന്നു.

**ബി) ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ**

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (55/18-19) 8,00,000/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റാണ് വകയിരുത്തിയിട്ടുള്ളത്. വകയിരുത്തിയ തുക ബിൽ നമ്പർ 04/18-19 തിയതി 17.12.18 പ്രകാരം പിൻവലിച്ച് തൃശൂർ ഔഷധിക്ക് നല്കിയിട്ടുണ്ട്. താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാവുകയും അവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 90096986/31.12.18 | 1,63,827 |
| 2 | 90100748/31.01.19 | 72,832 |
| 3 | 90105302/28.02.19 | 1,10,893 |
| 4 | 90108324/17.03.19 | 84,897 |
| 5 | 901111146/31.3.19 | 2,03,152 |
| 6 | 90115817/31.05.19 | 34,863 |
| 7 | 90119147/29.06.19 | 25,585 |
| | ആകെ | 6,96,049 |

അവശേഷിക്കുന്ന 1,03,951/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
മരുന്നുകൾ ലഭ്യമാവാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (01/27.08.2019) നിർവഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടില്ല

**2.** മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ ' എന്ന പദ്ധതി (so63/2018-19)പ്രകരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000 രൂപ പിൻവലിച്ച് (ബിൽ നം- 2/19.12.2018) കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-12/3.9.2019 ) ക്ക് നൽകിയ മറുപടിയിൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല എന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്

2. മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പെയിൻ & പാലിയേറ്റീവ് പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി(So60/2018-19) പ്രകാരം പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്ന് 200,000 രൂപ(ബിൽ നം- 1/31.10.2018)പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-12/3.9.2019 ) ക്ക് നൽകിയ മറുപടിയിൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല എന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്

**3.** മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പരിരക്ഷ പദ്ധതി (so61/2018-19)യുടെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്ന് 191,000 രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം-12/3.9.2019 ) ക്ക് നൽകിയ മറുപടിയിൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല എന്നും മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയത്.

മരുന്ന് ലഭ്യമാവുന്നതുവരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-25 അംഗനവാടി അനുപൂരകപോഷകാഹാര പദ്ധതി അപാകതകൾ

വളാഞ്ചേരി നഗരസഭയിലെ അംഗനവാടികളിൽ അമൃതം നൂട്രിമിക്സ്, ഉച്ചഭക്ഷണം, എന്നിവ എത്തിക്കുന്നതിനാണ് പ്രൊജക്ട് നമ്പർ **03/2019** ലക്ഷ്യമിടുന്നത്. ഐ.സി.ഡി.എസ് സൂപ്പർവൈസർ

നിർവഹണം നടത്തിയ മേൽ പ്രൊജക്ടിൽ ആകെ **40,00,000** രൂപ അടങ്കലിൽ **25,88,705** രൂപ വികസനഫണ്ടും **13,00,000** കേന്ദ്രാവിഷ്കൃത ഫണ്ടും **1,11,295** രൂപ തനത് ഫണ്ടും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ പറയുംപ്രകാരമാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ/ ചെക്ക് നമ്പർ തിയതി | തുക | ഫണ്ട് തിരിച്ചുള്ള ആകെ ചെലവ് |
|---|---|---|---|
| 1 | 02/18-19 dated 17.08.18 | 8,87,025 | 25,88,705 (വികസനഫണ്ട്) |
| 2 | 03/18-19 dated 05.10.18 | 4,10,376 | |
| 3 | 04/18-19 dated 13.12.18 | 5,95,493 | |
| 4 | 05/18-19 dated 19.12.18 | 6,95,811 | |
| 5 | Cheque No. 2098528/28.02.19 | 1,03,689 | തനത് ഫണ്ട് |
| 6 | Cheque No.708864/22.12.18 | 82,445 | 11,35,801 (കേന്ദ്രാവിഷ്കൃതപദ്ധതി) |
| 7 | ~~Cheque No. 9797316/30.03.19~~ | 6,59,148 | |
| 8 | Cheuqe No. 9797318/29.03.19 | 3,94,208 | |
| | ആകെ | 38,28,195 | |

<u>അപാകതകൾ</u>

1. മേൽ ബില്ലുകളിൽ ക്രമനമ്പർ (1), (2) എന്നിവ പ്രകാരം ചെലവഴിച്ച തുകകളിൽ ഉൾപ്പെട്ട വളാഞ്ചേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരവും സപ്ലൈകോയുടെ ഓരോ മാസങ്ങളിലും പുറപ്പെടുവിക്കുന്ന വിലനിലവാരപ്രകാരവും (bulk sale issue price) റാഗിയുടെ വില അധികം നല്കിയതായി കാണുന്നു.

| ഇൻവോയ്സ് നമ്പർ | റേറ്റ് | വാങ്ങിയ അളവ് | നല്കിയ തുക | സപ്ലൈകോ ഉത്തരവ് നമ്പർ | നിരക്ക് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|---|---|
| 143/8.5.18 | 33 | 4300kg | 141900 | M2/7850/15(3)/30.4.18 | 30 | 129000 | 12900 |
| 146/5.10.18 | 34 | 2700kg | 91800 | M2/7850/15/(3)/27.9.18 | 32 | 86400 | 5400 |
| | | | | ആകെ അധികം നല്കിയത് | | | 18300 |

2. ക്രമനമ്പർ (5) പ്രകാരം 1,03,689/- രൂപ ഭക്ഷ്യവസ്തുക്കൾ അംഗനവാടികളിൽ എത്തിച്ചതിന് ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ശ്രീ.മമ്മി, പാറശ്ശേരി വീട്, വളാഞ്ചേരി എന്നയാൾക്ക് നല്കിയതാണ്. ഇതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റേയോ കൗൺസിൽ തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷത്തിനുള്ള (05/30.08.2019) മറുപടിയിൽ റാഗിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി ഫോർട്ടിഫൈഡ് സ്റ്റോൺലസ് റാഗി വിതരണം ചെയ്തതുകാരണം വില അധികമായി എന്നും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയത് സംബന്ധിച്ച് കൗൺസിൽ തീരുമാനം

എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും എ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്.

## 1-26 ചെലവുകൾക്കാധാരമായ ധനവിനിയോഗ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമനം | ബില്ലിന്റെ വിവരം | വൗച്ചർ നം/ തിയ്യതി | തുക | റിമാർക്ക് |
|---|---|---|---|---|
| 1 | കുഴൽകിണർ കിണർ നിർമ്മാണം സർവ്വെ ചാർജ്ജ് | 21800129/22.5.2018 | 22080 | വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 2 | കേരളോത്സവം നടത്തിപ്പ് അനിൽകുമാർ പി.ജെക്ക് നൽകിയത് | 21800187/31.5.2018 | 20370 | ചെലവ് രേഖകൾ ഇല്ല |
| 3 | വാർഡ് 8 പൈപ്പ് ലൈൻ നീട്ടൽ<br>വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് | 21800761/4.1.2109 | 300000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 4 | ഖരമാലിന്യം നീക്കം ചെയ്യതിന്<br>ടി.കെ ആബിദലിക്ക് നൽകിയത് | 21800789/23.1.2019 | 35000 | ക്വട്ടേഷൻ ഇല്ല |
| 5. | ലൈബ്രറി സെസ് അടവാക്കിയത് | 21800832/1.2.2109 | 554086 | രസീത് ഇല്ല |
| 6 | തെരുവ് വിളക്കിനായി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ<br>KSEB യിൽ ഡെപ്പോസിറ്റ് | ബിൽ നം.15/28.8.18 | 2000000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 7 | ക്യാമ്പ് കളക്ഷന്റെ ഭാഗമായുള്ള മൈക്ക് അനൗൺസ്മെന്റ്,നോട്ടീസ് (അഡ്വാൻസ്<br>ശശിധരൻ .ടി) | 21801057/8.3.2019 | 25000 | ക്രമീകരണ വിവരം ഇല്ല |
| | ആകെ | | 2956536 | |

മേൽ ചെലവുകൾക്കാധാരായ റിമാർക്സിൽ കാണിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (15/4.9.2019)നൽകിയെങ്കിലും ലഭ്യമാക്കിയില്ല.ചെലവു തുക 2956536തടസ്സം ചെയ്യുന്നു.

## 1-27 ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല

പ്രോജക്റ്റ് : ആശ്രയ
നം. : S0215/19
നിർവ്വഹണോദ്യോഗസ്ഥൻ - പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ
അടങ്കൽ - 2,00,000 (വികസന ഫണ്ട്)
ബിൽ നം. 13/03-10-2018 : 2,00,000
മേൽ പദ്ധതി പ്രകാരം 2,00,000/-രൂപ കൈമാറിയത് കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്ക്, വളാഞ്ചേരി അക്കൗണ്ട് നമ്പർ 40254101001963 ൽ 03-10-2018 ന് വരവ് വെച്ചിട്ടുണ്ട്.എന്നാൽ 25-03-2019ന് 110 ഗുണഭോക്താക്താക്കൾക്ക് ആഹാര സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച 67,200 രൂപ

മാത്രമാണ് 2018-19 വർഷത്തിൽ വിനിയോഗിച്ചിട്ടുള്ളത്.കേരള സ്റ്റേറ്റ് കോ-ഓപ്പ് കൺസ്യൂമർ ഫെഡറേഷൻ ലി. ൽ നിന്നാണ് ആഹാര സാധനങ്ങൾ വാങ്ങിയത് എന്ന് അറിയിച്ചു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ഔദ്യോഗിക ബിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.18/06-09-2019 -ാം നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല, ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടക്കേണ്ടതാണ്.

## 1-28 റോഡ് കട്ടിംഗ് അനുമതി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

റിലയൻസ് ജിയോ ഇൻഫോകോം ലി. വളാഞ്ചേരി നഗരസഭയിലെ കാവുംപുറം-കക്കൻചിറ റോഡിൽ 1500മീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 0.50 മീറ്റർ വീതിയിലും 1.65 മീറ്റർ ആഴത്തിലും ട്രഞ്ച് കീറുന്നതിനുള്ള അനുമതിക്കായി 27.09.2018 ന് നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയും, അപേക്ഷ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തു. ചീഫ് എഞ്ചിനീയറുടെ 22.05.2018 ലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ കാണും പ്രകാരം തുക നഗരസഭയിൽ അടവാക്കിയിട്ടുണ്ട്-

| | | |
|---|---|---|
| 1 | Berm കട്ട് ചെയ്യുന്നതിനുള്ള restoration charge<br>1500m X 0.75 = 1,125 (1,125 @ 329.87/$m^2$) | 3,71,104<br>(രശീതി നമ്പർ.<br>01/118040400019/01-11-2018) |
| 2 | ബാങ്ക് ഗ്യാരണ്ടി<br>ICICI ബാങ്ക് - 0541BGR0286519/26-10-2018 | 1,12,500 |
| | ആകെ | 4,83,604 |

**എ)** ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പിൻെറ G.O.(Ms)No.25/2018/ITD/ 11/10/2018 ഉത്തരവിലെ 4(i) പ്രകാരം കരാർ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള സെക്യൂരിറ്റി ആയി, കണക്കാക്കപ്പെട്ട restoration charge ൻെറ മൂന്നിലൊന്ന് തുകക്ക് തുല്യമായ തുക ബാങ്ക് ഗ്യാരണ്ടി ടെലികോം കമ്പനികളിൽ നിന്ന് നഗരസഭ ഈടാക്കേണ്ടതാണ്.

അപ്രകാരം 1,23,689രൂപ (3,71,104 X 33.33%) ക്ക് പകരം 1,12,500 രൂപയാണ് ബാങ്ക് ഗ്യാരണ്ടിയായി ഈടാക്കിയിട്ടുള്ളത്.

(ബി).മേൽ ഉത്തരവിലെ 4(ii) പ്രകാരം ടെലികോം കമ്പനികൾ റൈറ്റ് ഓഫ് വേ അനുമതിക്കായി ഒരു കിലോമീറ്ററിന് 75,000രൂപ നിരക്കിൽ one time contribution (One Time Track Rental) ആയി 1,12,500 രൂപ കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ഡയറക്ടറുടെ പേരിൽ അടവാക്കേണ്ടതുണ്ട്. അപ്രകാരം തുക അടവാക്കിയതിൻെറ രേഖകൾ ലഭ്യമായതിന് ശേഷമാണ് പ്രവൃത്തിക്ക് അനുമതി നൽകാവുന്നത്. ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 പ്രൊജക്ട് ഓഫീസർ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല -

| ക്ര.നം. | പദ്ധതി/നം. | അടങ്കൽ | ചെലവു പത്രിക പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|
| 1 | പി.എം.എ.വൈ. ഭവന പദ്ധതി 2018-19 (എസ്.സി.) | 73,00,000 | 42,75,000 (എസ്.സി.പി) |

| | | | |
|---|---|---|---|
| | നം. : S073/19 | (43,00,000- എസ്.സി.പി.<br>22,50,000- കേന്ദ്ര വിഹിതം,<br>7,50,000 – സംസ്ഥാന വിഹിതം) | |
| 2 | പി.എം.എ.വൈ. ഭവന പദ്ധതി 2018-19 (ജനറൽ)<br>നം. : S074/19 | 97,00,000<br>(33,00,000- വികസനഫണ്ട്. 36,00,000- കേന്ദ്ര വിഹിതം,<br>12,00,000 – സംസ്ഥാന വിഹിതം. 16,00,000 – തനത് ഫണ്ട്) | 32,90,000 (വികസന ഫണ്ട്) |
| 3 | പി.എം.എ.വൈ. ഭവന പദ്ധതി (എസ്.സി.)<br>നം. : S0217/19 – സ്പിൽ ഓവർ പദ്ധതി | 26,09,000<br>(12,29,000- വികസന ഫണ്ട്. 13,80,000- ഗുണഭോക്തൃ വിഹിതം) | 4,80,000 (വികസന ഫണ്ട്) |
| 4 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ജനറൽ)<br>നം. : S0218/19 – സ്പിൽ ഓവർ പദ്ധതി | 6,40,000 (തനത്) | 2,80,000 (തനത്) |
| 5 | ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (എസ്.സി.)<br>നം. : S0219/19 – സ്പിൽ ഓവർ പദ്ധതി | 1,00,000 (എസ്.സി.പി) | 1,00,000 (എസ്.സി.പി) |
| 6 | ഭവന നിർമ്മാണം ജനറൽ<br>നം. : S0220/19 – സ്പിൽ ഓവർ പദ്ധതി | 6,30,000 (തനത്) | 2,30,000 (തനത്) |
| 7 | ബയോഗ്യാസ് പ്ലാന്റ്<br>നം. : S0276/19 – സ്പിൽ ഓവർ പദ്ധതി | 8,91,000<br>(4,45,500 – ധനകാര്യ കമ്മീഷൻ അവാർഡ്, | 148540 (74,270 – ധനകാര്യ കമ്മീഷൻ അവാർഡ്, 74,270- |

| | | | |
|---|---|---|---|
| | | 4,45,500-ഗുണഭോക്തൃ വിഹിതം) | ഗുണഭോക്തൃ വിഹിതം) |
| | ആകെ | | 7923540 |

ചെലവു പത്രിക പ്രകാരം, മേൽ പ്രൊജക്ടുകൾക്കായി വികസനഫണ്ട്, എസ്.സി.പി, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഇനങ്ങളിലായി ചെലവഴിച്ച തുക 82,93,540 രൂപയാണ്.എന്നാൽ ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുക 73,39,270 രൂപയാണ്.കൂടാതെ, 5,10,000 രൂപ തനത് ഫണ്ടും 74,270 രൂപ ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചിട്ടുണ്ട്. ആകെ 79,23,540 (73,39,270+5,10,000+74,270). രേഖകൾ ഹാജരാക്കാത്തതിനാൽ ബിൽ ബുക്കും, ചെലവ് പത്രികയും തമ്മിലുള്ള വ്യത്യാസം ഏതെല്ലാം പദ്ധതികളുടെ ചെലവിലാണ് എന്ന് മനസ്സിലാക്കാനായിട്ടില്ല.

രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് 03-09-2019ന് ഓഡിറ്റ് റിക്വിസിഷനും 03-10-2019ന് സമൺസും നൽകിയെങ്കിലും, ക്രമ നം.1 മുതൽ 6 വരെയുള്ളവയുടെ നോട്ട് ഫയലും, ഏതാനും ട്രഷറി ബില്ലുകളുടെ പകർപ്പും മാത്രമാണ് ഹാജരാക്കിയത്. ക്രമ നം.7ൻ്റെ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. പ്രൊജക്റ്റ് റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ഗുണഭോക്താക്കളുമായി കരാർ വെച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഭവന നിർമ്മാണ പ്രൊജക്ടുകളുടെ ഗുണഭോക്താക്കൾക്ക് വിവിധ ഗഡു തുകകൾ നൽകിയത് രേഖപ്പെടുത്തിയ റജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്പിൽഓവർ ഉൾപ്പടെയുള്ള ഭവനനിർമ്മാണ പ്രൊജക്ടുകളുടെ ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ നൽകിയത് യാതൊരു അടിസ്ഥാന രേഖയും ഇല്ലാതെയാണ്.

തുകകൾ ചെലവഴിച്ച പദ്ധതികളുടെ രേഖകൾ ഹാജരാക്കുന്നതിൽ തികഞ്ഞ അലംഭാവവും, കുറ്റകരമായ വീഴ്ചയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. ചെലവ് തുക 79,23,540 രൂപ തടസ്സം ചെയ്യുന്നു.

## 1-30 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാനുവൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|
| ബാവപ്പടി വെള്ളിമാൻകുന്ന് റോഡ് റീ ടാറിങ് (256/19)<br>ബിൽ 21/6.8.2018 തുക 100000 | 18.12.17 | 31.3.18 | 24.5.2018 | 3000<br>(26.4.18 വരെ 1000<br>27.4.2018 മുതൽ |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 2/18-19<br>കരാറുകാരൻ ശ്രീ.ടി.കെ. അബ്ദുൽഖാദർ<br>കരാർ. 62/17-18 തീയ്യതി 18.12.2017 | | | | 24.5.18 വരെ 2000) |
| ബ്ലോക്ക് ഓഫീസ് മൈലാടിക്കുന്ന് റോഡ് റീ ടാറിങ് (248/19)<br>ബിൽ 24/6.8.2018 തുക 147365<br>അളവ് പുസ്തകം 176/17-18<br>കരാറുകാരൻ ശ്രീ.ഷംസുദ്ധീൻ.പി<br>കരാർ. AE/LSGD/VLY/86/17-18 തീയ്യതി 11.1.2018 | 11.1.18 | 31.3.2018 | 24.5.2018 | 4419<br>(20.4.18 വരെ 1473<br>21.4.2018 മുതൽ 24.5.18 വരെ 2946) |
| കാവുംപുറംബ്ലോക്ക് ഓഫീസ് റോഡ് റീ ടാറിങ് (237/19)<br>ബിൽ 25/6.8.2018 തുക 100000<br>അളവ് പുസ്തകം 174/17-18<br>കരാറുകാരൻ ശ്രീ.ഷംസുദ്ധീൻ.പി<br>കരാർ. AE/LSGD/VLY/15/17-18 തീയ്യതി 20.11.2017 | 20.11.17 | 31.3.2018 | 25.5.2018 | 3000<br>(3.5.18 വരെ 1000<br>4.5.2018 മുതൽ 24.5.18 വരെ 2000) |
| കൊട്ടാരം RMTTIകിഴക്കേക്കര റോഡ് റീ ടാറിങ് (249/19)<br>ബിൽ 26/6.8.2018 തുക 498417<br>അളവ് പുസ്തകം 179/17-18<br>കരാറുകാരൻ ശ്രീ.മുസ്ഥഫ.പി<br>കരാർ. AE/LSGD/VLY/104/17-18 തീയ്യതി 5.3.2018 | 5.3.2018 | 31.3.18 | 28.5.2018 | 14952<br>(27.4.18 വരെ 4984<br>28.4.2018 മുതൽ 27.5.18 വരെ 9968) |
| പച്ചീരി പാറശ്ശീരി കോളനി റോഡ് റീ | 22.12.17 | 31.3.18 | 22.5.18 | 6000 |

| | | | | |
|---|---|---|---|---|
| ടാറിങ് (243/19)<br>ബിൽ 27/6.8.2018 തുക 200000<br>അളവ് പുസ്തകം 5/18-19<br>കരാറുകാരൻ ശ്രീ.സദാനന്ദൻ.കെ<br>കരാർ. AE/LSGD/VLY/70/17-18 തീയ്യതി 22.12.2017 | | | | (25.4.18 വരെ 2000<br>26.4.2018 മുതൽ 22.5.18 വരെ 4000) |
| പടിഞ്ഞാക്കര താണിക്കുളമ്പ് റോഡ് റീ ടാറിങ് (243/19)<br>ബിൽ 28/6.8.2018 തുക 300000<br>അളവ് പുസ്തകം 3/18-19<br>കരാറുകാരൻ ശ്രീ.സദാനന്ദൻ.കെ<br>കരാർ. AE/LSGD/VLY/18/17-18 തീയ്യതി 20.11.2017 | 20.11.17 | 31.3.18 | 3.5.18 | 3000 |
| പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം (279/19)<br>ചെക്ക് 010111/14.8.2018 തുക 701164<br>ആകെ 713298<br>വൗച്ചർ 13/8-19<br>ചെക്ക് 010112/14.8.18 തുക 12134<br>അളവ് പുസ്തകം 91/16-17<br>കരാറുകാരൻ ശ്രീ.നൗഷാദ്.എ<br>കരാർ. 28/16-17 തീയ്യതി 27.1.2017 | 27.1.17 | 31.3.18 | 12.5.18 | 7137 |

17/5.9.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഉത്തരവാദികളിൽ നിന്ന് ഇൗടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 1-31 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പറമ്പോളം അംഗൻവാടി റിപ്പയർ എന്ന പ്രവൃത്തിയുടെ 12-ാം ഇനം ആയി ജനൽ, വാതിൽ എന്നിവ സിന്തറ്റിക് ഇനാമൽ പെയിന്റ്

ഉപയോഗിച്ച് പെയിന്റ് ചെയ്തതായി (178.15$m^2$) കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

അളവ് പുസ്തകത്തിൽ ബിൽ അബ്സ്ട്രാക്റ്റ് തയ്യാറാക്കിയപ്പോൾ Quantity as per page 12 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 12-ാം പേജിൽ കെട്ടിടം കളർ വാഷ് ചെയ്തതിന്റെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിന് 5350 രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനാമൽ പെയിന്റ് പ്രവൃത്തി 8.292$m^2$ ചെയ്യുന്നതിന് 840 രൂപയാണ് വകയിരുത്തിയത്.

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 16088 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പറമ്പോളം അംഗൻവാടി റിപ്പയർ എന്ന പ്രവൃത്തിയുടെ 12-ാം ഇനം ആയി ജനൽ, വാതിൽ എന്നിവ സിന്തറ്റിക് ഇനാമൽ പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തതായി (178.15$m^2$) കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ അപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

അളവ് പുസ്തകത്തിൽ ബിൽ അബ്സ്ട്രാക്റ്റ് തയ്യാറാക്കിയപ്പോൾ Quantity as per page 12 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 12-ാം പേജിൽ കെട്ടിടം കളർ വാഷ് ചെയ്തതിന്റെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിന് 5350 രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനാമൽ പെയിന്റ് പ്രവൃത്തി 8.292$m^2$ ചെയ്യുന്നതിന് 840 രൂപയാണ് വകയിരുത്തിയത്.

ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് നൽകിയ 16088 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | കരാറുകാരന് നൽകിയ തുക<br>@101.33/$m^2$ |
|---|---|---|
| പറമ്പോളം അംഗൻവാടി റിപ്പയർ (225/19)<br>ബിൽ 2/18.5.18 തുക 117557<br>അളവ് പുസ്തകം 172/17-18<br>കരാറുകാരൻ ശ്രീ.ടി.കെ.ഹുസ്സൈൻ (10.88% കുറവ്) | 178.15$m^2$ | 16088<br>(18051.94*10.88%കുറവ്) |

ഓഡിറ്റ് എൻക്വയറി 3 /27.8.2019 നൽകിയതിന് – അധിക തുക കരാറുകാരനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2018-19 | 19.08.2019 മുതൽ 20.08.2019 വരെ | കെ.എസ്.എ എം.പി.എം 25/1703/2019 തിയതി 26.08.2019 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിനിയോഗം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 10925/04.01.19 | 3,00,000 | |
| | | 10924/04.01.19 | 70,000 | |
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ | 18150847002100129605/ 28.05.2018 | 20,00,000 | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്ര.നം. | വായ്പയുടെ ഉദ്ധേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2 | ലൈഫ് - ഭവന നിർമ്മാണം | സ.ഉ.(എം.എസ്) 68/2018/ തസ്വഭവ/ 18-05-18 | 1,00,00,000 | 1,00,00,000 | 0 | 0 | 1,00,00,000 |

### 4-6 സ്ഥിരനിക്ഷേപം

ബാലൻസ് ഷീറ്റിലെ B-12 ഷെഡ്യൂൾ പ്രകാരം ഇക്വീറ്റി ഷെയർ നിക്ഷേപമായി 10,45,443/- രൂപയുണ്ട്. നിക്ഷേപരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീതി നമ്പർ, |
|---|---|---|---|---|

| | | | ഉദ്യോഗപ്പേരും | തിയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 11,908 | ലഭ്യമല്ല | ലഭ്യമല്ല |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 51 | 2001-02 | V 10 - 2-(1) | മരാമത്ത്-അധിക ചെലവ് | നടപടി തുടരുന്നു |
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവളനിർമ്മാണയൂനിറ്റ് പ്രവർത്തനക്ഷമമായില്ല | -ടി- |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,79,04,773 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,72,41,592 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,088 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 1,18,17,455 |

ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരങ്ങൾ

| ഖഡ്ഢിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് [28]ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 16,088 | ശ്രീമതി ഗ്രേഷ്യസ് ജോൺ, മുനിസിപ്പൽ എഞ്ചിനീയർ |
| | ആകെ | 16088 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖഡ്ഢിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 2,46,379 | ഡോ.ശ്രുതി, ആയുർവേദ മെഡിക്കൽ ഓഫീസർ |
| | 6,91,000 | ഡോ.ഫാത്തിമ ഫെമിന, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-26 | 42,450 | ശ്രീ.കെ.സുജിത്, |

| | | |
|---|---|---|
| | | സെക്രട്ടറി |
| | 28,89,086 | ശ്രീ.ഫൈസൽ എ, സെക്രട്ടറി |
| | 25,000 | ശ്രീ.സുനിൽകുമാർ, (സെക്രട്ടറിയുടെ അധികചുമതല) |
| 1-29 | 79,23,540 | ശ്രീ.ബെന്നി മാത്യൂ, പ്രൊജക്ട് ഓഫീസർ |
| ആകെ | 1,18,17,455 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ വ്യക്തമായ നഷ്ടം
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗ്രേഷ്യസ് എം.ജോൺ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കൂത്താട്ടുകുളം നഗരസഭ | മണിമലയിൽ ഹൗസ്, വെണ്ടുകുഴി, കരുക്കാടം പി.ഒ, കോതമംഗലം, എറണാകുളം-686691 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2088/10/ | 9 |
| 2008-09 | LFM13/2089/10 | 13 |
| 2007-08 | LFM13/2446/11/26-12-11(FR) | 8 |
| 08-09 | LFM13/2447/11 26-12-11(FR) | 7 |
| 2009-10, 2010-11 | LFM13/785/13/25-5-13/12-6-13 | 22 |
| 2011-12, 2012-13 | LFM13/ 856/ 15 21-5-15 | 15 |
| | | |

| | | |
|---|---|---|
| 2013-14, 2014-15 | LFM13/ 1514/2015 dated 01-08-2015 | 23 |
| 2015-16 | KSAMPM25/241/2017 dated 7-02-2017 | |
| 2016-17 | KSAMPM25/2456/2017 30 -11 -2017 | 20 |
| 2017-18 | കെ.എസ്.എ എം.പി.എം 25/2869/2018 dated 19.01.2019 | 26 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം